**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1718** **20-06-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ കൃഷി ഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | കൊല്ലം പരവൂർ കൃഷിഭവനിൽ സ്മാർട്ട് കൃഷി ഭവൻ ആക്കി മാറ്റുന്നതിന് ഫണ്ട് PWDയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പരവൂർ കൃഷി ഭവൻ സ്മാർട്ട് ആക്കുന്നതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം കൃഷി വകുപ്പിൽ നിന്നും 25 ലക്ഷം രൂപയും ബഹു. ചാത്തന്നൂർ എം.എൽ.എ ശ്രീ. ജി.എസ്. ജയലാൽ അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 80 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. കൃഷി വകുപ്പിൽ നിന്നും അനുവദിച്ച 25 ലക്ഷം രൂപയിൽ 4,70,000/- രൂപ പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് തുടങ്ങുന്നതിന് വേണ്ടി 2022-23 സാമ്പത്തിക വർഷം തന്നെ വിനിയോഗിച്ചു. ബാക്കി തുകയായ 20,30,000/- രൂപ ചാത്തന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പി.ഡബ്ല്യു.ഡി സ്പെഷ്യൽ ബിൽഡിംഗ് വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. മൂന്ന് നിലകളിലായി പണികഴിപ്പിക്കുന്ന പുതിയ കൃഷിഭവൻ കെട്ടിടത്തിന്റെ മൂന്നാം നിലയുടെ പില്ലർ, കോൺക്രീറ്റ് ജോലികൾ പുരോഗമിക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ തന്നെ പദ്ധതി പൂർത്തീകരിക്കാമെന്നു പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കൃഷിഭവൻ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സ്മാർട്ട് കൃഷിഭവന് ആവശ്യമായ സൗകര്യങ്ങൾ വേഗത്തിൽ സജ്ജമാക്കുന്നതിനും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിലയിരുത്തി അടിയന്തരമായ തുടർ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (ബി) | 2024-25 സാമ്പത്തിക വർഷത്തിൽ തന്നെ പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ അവലോകനം നടത്തി പ്രവർത്തന പുരോഗതി വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ചാത്തന്നൂർ മണ്ഡലത്തിലെ ഏഴു കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി തുക അനുവദിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിലവിലുള്ള എ.എഫ്1/ 172/2022/ | (സി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ഏഴ് കൃഷിഭവനുകൾ സ്മാർട്ട് ആക്കുന്നതിനുള്ള തുക 2024-25 സാമ്പത്തിക വർഷത്തിൽ കണ്ടെത്തുവാനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ |

| | | | |
|---|---|---|---|
| | കൃഷി (ഫാംസ്) നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | | കൃഷി ഡയറക്ടർക്ക് 06.04.2024ലെ കത്തിലൂടെ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | മേൽപ്പറഞ്ഞ ഏഴു കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി പ്രസ്തുത നമ്പർ ഫയൽ പ്രകാരം 2024-25 വർഷത്തിൽ തുക ലഭിക്കുന്നതിനായുള്ള സാധ്യതകൾ പരിശോധിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ; പ്രസ്തുത തുക ഉടൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ഏഴ് കൃഷിഭവനുകൾ സ്മാർട്ട് ആക്കുന്നതിനുള്ള തുക 2024-25 സാമ്പത്തിക വർഷത്തിൽ കണ്ടെത്തുവാനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ കൃഷി ഡയറക്ടർക്ക് 06.04.2024ലെ കത്തിലൂടെ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ